(സി) അഞ്ച് വർഷ തത്വത്തിന്റെ അടിസ്ഥാനത്തിൽ 1-7-2014 മുതലാണ് വേതനം പരിഷ്കരിക്കേണ്ടത്. പത്താം ശമ്പള പരിഷ്കരണ കമ്മീഷന്റെ പ്രവർത്തന കാലാവധി സർക്കാർ 2015 ജൂൺ 30-ാം തീയതിവരെ അനുവദിച്ചിട്ടുണ്ട്. ടി കാലാവധിക്കുള്ളിൽ തന്നെ ശമ്പള പരിഷ്കരണ കമ്മീഷൻ ശിപാർശ സർക്കാരിന് സമർപ്പിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ശിപാർശ ലഭിച്ചതിനുശേഷം മാത്രമേ ശമ്പള പരിഷ്കരണം എന്നുമുതൽ നൽകണമെന്നുള്ള വിഷയത്തിൽ തീരുമാനം എടുക്കുകയുള്ളൂ.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) പത്താം ശമ്പള പരിഷ്കരണ കമ്മീഷൻ 30-11-2013 തീയതിലെ സ.ഉ (കൈ) നമ്പർ 583/2013/ധന ഉത്തരവ് പ്രകാരം നിലവിൽവന്നു. 12-6-2014 തീയതിയിലെ സ.ഉ. (കൈ) നമ്പർ 218/2014/ധന. ഉത്തരവിലൂടെ കമ്മീഷന്റെ പ്രവർത്തനം 4-12-2014 വരെയും 29-11-2014 തീയതിയിലെ സ.ഉ. (കൈ) നമ്പർ 521/2014/ധന. പ്രകാരം 30-6-2015 വരെയും ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

പേ റിവിഷൻ

135 (480) <u>ശ്രീ. എം. പി. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേ റിവിഷൻ കമ്മീഷൻ യോഗത്തിൽ വകുപ്പദ്ധ്യക്ഷൻമാരുമായി നടത്തിയ മീറ്റിംഗിന്റെ മിനിറ്റ്സ് തയ്യാറായിട്ടുണ്ടോ ;

(ബി) ഇതിൽ വകുപ്പദ്ധ്യക്ഷന്മാർ രേഖപ്പെടുത്തിയ അഭിപ്രായം എന്താണെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ശമ്പള പരിഷ്കരണ കമ്മീഷൻ വകുപ്പദ്ധ്യക്ഷന്മാരുമായി നടത്തുന്ന ചർച്ചയുടെ മിനിറ്റ്സ് രേഖപ്പെടുത്തി സൂക്ഷിക്കാത്തതിനാൽ ലഭ്യമല്ല.

(ബി) ബാധകമല്ല.

അഡ്വാൻസ് ഇൻക്രിമെന്റ് നൽകുന്നതിന് നടപടി

136 (481) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിൽ മാർ ഇവാനിയോസ് കോളേജിൽനിന്നു റിട്ടയർ ചെയ്ത സെലക്ഷൻ ഗ്രേഡ് ലക്ചറർ ഡോ. പി. വി. ജോർജിന് അഡ്വാൻസ് ഇൻക്രിമെന്റ് നൽകുന്നതു സംബന്ധിച്ച് 42037/Edn.C2/Finance. നമ്പർ ഫയലിൽ ധനകാര്യവകുപ്പ് ആവശ്യപ്പെട്ടിരുന്ന വിവരങ്ങളും അഭിപ്രായങ്ങളും വിദ്യാഭ്യാസ വകുപ്പ് ധനകാര്യവകുപ്പിന് പുനർസമർപ്പിച്ചിട്ടുണ്ടോ ;

(ബി) ഡോ. പി. വി. ജോർജിന് അഡ്വാൻസ് ഇൻക്രിമെന്റ് നൽകുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ ;

(സി) കോളേജ് വിദ്യാഭ്യാസവകുപ്പിലെ ലക്ചറർമാർക്ക് സമാനമായ കേസ്സുകളിൽ അഡ്വാൻസ് ഇൻക്രിമെന്റ് നൽകിയിട്ടുള്ള കാര്യം പരിശോധിക്കുമോ ;

(ഡി) എങ്കിൽ ഡോ. പി. വി. ജോർജിന് അഡ്വാൻസ് ഇൻക്രിമെന്റ് നൽകുന്നതിനുള്ള ധനകാര്യവകുപ്പിന്റെ ഫയലിൽ ഉടൻ തീരുമാനമെടുക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) മേൽ വിഷയം അടങ്ങുന്ന നിവേദനങ്ങളോ ഫയലുകളോ ലഭ്യമായാൽ പരിശോധിക്കുന്നതാണ്.

(ഡി) ടി ഫയലിൽ ധനകാര്യവകുപ്പ് തീരുമാനം എടുത്ത്, ഭരണ വകുപ്പിനെ അറിയിച്ചുകഴിഞ്ഞു.

എം.എൽ.എ. നിയോജകമണ്ഡലം ആസ്തി വികസന ഫണ്ട്

137(482) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിയോജകമണ്ഡലം ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി പുനലൂർ നിയോജകമണ്ഡലത്തിൽ 2012-13, 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ നിർദ്ദേശിക്കപ്പെട്ട പ്രവൃത്തികളുടെ തുക എത്രയെന്നു വ്യക്തമാക്കാമോ ;

(ബി) ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ പേര്, തുക എന്നിവയുടെ വാർഷിക അടിസ്ഥാനത്തിലുള്ള കണക്ക് നൽകാമോ ?

ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) വിവരം ശേഖരിച്ചുവരുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly